**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4315.

03.02.2014-ലെ മറുപടിയ്ക്ക്

## സാന്റ്ബാങ്ക്സ് ടൂറിസം വികസനം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ.നാണു | **ശ്രീ.എ.പി.അനിൽകുമാർ**<br>(ബഹു. പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) വടകര മുനിസിപ്പാലിറ്റിയിലെ സാന്റ്ബാങ്ക്സ് ടൂറിസം വികസനത്തെ ഉദ്ദേശിച്ചുകൊണ്ട് എത്ര ഫണ്ട് അനുവദിച്ചിട്ടുണ്ട്; എപ്പോഴാണ് ഫണ്ട് അനുവദിച്ചത് എന്ന് വ്യക്തമാക്കുമോ; | (എ) വടകര മുനിസിപ്പാലിറ്റിയിലെ സാന്റ്ബാങ്ക്സ് ടൂറിസം വികസനത്തിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ സർക്കാർ 94,00,000/- രൂപയുടെ ഭരണാനുമതി 27.11.2006-ൽ നൽകിയിരുന്നു. പ്രസ്തുത പദ്ധതിയുടെ 2-ാം ഘട്ട വികസനത്തിന്റെ ഭാഗമായി 90 ലക്ഷം രൂപയുടെ ഭരണാനുമതി 11.11.2008-ൽ നൽകുകയുണ്ടായി. |
| (ബി) സർക്കാർ നിർദ്ദേശിച്ച പ്രവൃത്തികൾ അവിടെ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അവ കഴിയുന്നതും വേഗം പൂർത്തീകരിക്കാൻ നിർദ്ദേശം നൽകുമോ; | (ബി) ഒന്നാംഘട്ട പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാംഘട്ട വികസന പ്രവർത്തനങ്ങളുടെ 50% പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ 2014 മെയ് മാസത്തോടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) ടൂറിസം വികസനത്തിനായി വടകര സാന്റ്ബാങ്ക്സിലെ സർക്കാർ ഭൂമി ടൂറിസം വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ വടകരയിൽ 2 ഏക്കറോളം വരുന്ന സർക്കാർ ഭൂമി ടൂറിസം വികസനത്തിനായി ആവശ്യപ്പെടാൻ സന്നദ്ധമാകുമോ? | (സി) ഇപ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നത് റവന്യൂ ഭൂമിയിൽ, റവന്യൂ വകുപ്പിൽ നിന്നുള്ള മുൻകൂർ അനുമതിയുടെ അടിസ്ഥാനത്തിലാണ്. പ്രസ്തുത ഭൂമി ടൂറിസം വകുപ്പിന് കൈമാറ്റം ചെയ്തു ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ